**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1501** **07-10-2021 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി അഴിമതിയിൽ വകുപ്പുതല അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പിന്റെ 24-10-2020 -ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൻ തോതിൽ രാജമരങ്ങൾ വെട്ടിമാറ്റിയ സംഭവത്തിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (എ) | 24-10-2020 -ലെ ഉത്തരവിന്റെ മറവിൽ നടത്തിയ അനധികൃത മരംമുറി സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തി വരുന്നു. |
| (ബി) | റവന്യൂ വകുപ്പിന്റെ ട്രീ രജിസ്റ്റർ എല്ലാ ജില്ലകളിലും സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; രജിസ്റ്റർ ഇല്ലാത്ത ജില്ലകളുടെ വിവരങ്ങൾ നൽകാമോ; | (ബി) | ട്രീ രജിസ്റ്റർ വില്ലേജുകളിലാണ് സൂക്ഷിക്കുന്നത്. അപൂർവ്വം ചില വില്ലേജുകളിൽ ഒഴിച്ചാൽ മറ്റ് എല്ലാ വില്ലേജുകളിലും ട്രീ രജിസ്റ്റർ ലഭ്യമാണ്. |
| (സി) | പ്രസ്തുത ഉത്തരവിന്റെ മറവിൽ മുറിച്ച മാറ്റിയ രാജമരങ്ങളുടെ കണക്കെടുപ്പ് ട്രീ രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ നടത്തിയിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (സി) | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം വിശദമായ അന്വേഷണം നടത്തി വരുന്നു. |
| (ഡി) | ട്രീ രജിസ്റ്റർ ഇല്ലാത്ത സ്ഥലങ്ങളിൽ നഷ്ടപ്പെട്ട മരങ്ങളുടെ വിവരങ്ങൾ കണ്ടെത്തുന്നത് എങ്ങനെയെന്ന് അറിയിക്കുമോ? | (ഡി) | മുറിച്ച മരങ്ങളുടെ പ്രായം ശാസ്ത്രീയമായി കണക്കാക്കി പട്ടയഫയലിലെ മഹസ്സറുമായി ഒത്തു നോക്കി കണ്ടെത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ